I/5687584/2023

1321/23
12/4/23

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്

നം. ഡബ്ല്യൂ.എം.1/232/2021/തസ്വഭവ Part (2)

12-04-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.

പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.

സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- ത.സ്വ.ഭ.വ. - മൂന്നാർ വേസ്റ്റ് റ്റു എനർജി പ്ലാന്റ് - 20.03.2023-ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 20.03.2023-ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

സൂചനയിലെ യോഗത്തിന്റെ നടപടിക്കുറിപ്പ് അറിവിലേയ്ക്കും തുടർനടപടിക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Sheeba S C
Date: 13-04-2023 13:45:47
സെക്ഷൻ ഓഫീസർ.

I/5685498/2023

**<u>മൂന്നാറിൽ വേസ്റ്റ് ടു എനർജി പ്ലാന്റിനെ സംബന്ധിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2023-ന് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.</u>**

യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മന്ത്രിയുടെ ചേമ്പറിൽ 20.03.2023-ന് വൈകുന്നേരം 5.00-ന് യോഗം ആരംഭിച്ചു .

ആമുഖമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി പദ്ധതിയെ സംബന്ധിച്ച് വിലയിരുത്തൽ നടത്തി. മൂന്നാറിലെ സവിശേഷ പ്രാധാന്യവും കോടതിയുടെ പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ അവിടുത്തെ മാലിന്യ നിർമാർജനത്തിന് പ്രത്യേക പ്രാധാന്യം നൽകണമെന്നും മാലിന്യം ജലസ്രോതസുകളിൽ കലരാതിരിക്കാൻ നടപടി വേണമെന്നും അതിനൊടൊപ്പം FSTP പദ്ധതിയും ആവശ്യമാണെന്നും അറിയിച്ചു.

FSTP പദ്ധതിക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും 20 സെന്റിൽ പദ്ധതി നിർമ്മാണം ആരംഭിക്കുകയും ചെയ്തുവെന്നും വേസ്റ്റ് ടു എനർജി പ്ലാന്റിനുവേണ്ടി കണ്ടെത്തിയ അതേ സ്ഥലത്ത് തന്നെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു .

വൻ നഗരങ്ങളിലേതിനു സമാനമായി മൂന്നാറിൽ ജൈവ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്നും മൂന്നാറിലെ പ്രത്യേക കാലാവസ്ഥയിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണമാണ് അനുയോജ്യമെന്നും സെൻട്രലൈസ്ഡ് സംവിധാനമായ വേസ്റ്റ് ടു എനർജി പദ്ധതിക്ക് നൽകേണ്ടി വരുന്ന ടിപ്പിംഗ് ഫീസ് വളരെ കൂടുതലാണെന്നും സമീപത്തുള്ള ഗ്രാമ പഞ്ചായത്തുകളിൽ നിന്നും മാലിന്യം ലഭിക്കാത്ത സാഹചര്യത്തിൽ മതിയായ അളവിൽ മാലിന്യം ലഭിക്കുക ദുഷ്കരമാണെന്നും ഈ സാഹചര്യത്തിൽ കോടതി വ്യവഹാരത്തിലേക്ക് നീങ്ങുമെന്നും മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

നിലവിൽ മൂന്നാർ ഗ്രാമ പഞ്ചായത്തിലെ ലെഗസി മാലിന്യം പൂർണ്ണമായും ബയോ മൈനിങ് ചെയ്ത് മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്നും ജൈവ-ഖരമാലിന്യങ്ങൾ ഏറെ കുറെ പൂർണ്ണമായും സംസ്കരിക്കാൻ സാധിക്കുന്നുണ്ടെന്നും മാലിന്യം ഉറവിടത്തിൽ തന്നെ സംസാരിക്കാനാണ് പദ്ധതിയിടുന്നതെന്നും ഈ സാഹചര്യത്തിൽ വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നത് പുനർ ചിന്തിക്കണമെന്നും മൂന്നാർ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

നിലവിൽ Waste to Energy പദ്ധതിക്കായി Tranvancore Environment Resources Management Pvt. Ltd. എന്ന കമ്പനിയെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ മുൻപ് M/s A.G.Dauters Pvt Ltd. എന്ന കമ്പനിക്ക് ഭൂമി ലീസിന് നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമിയുടെ ലീസ് റദ്ദ് ആക്കിയിട്ടില്ലെന്നും ഈ വിഷയത്തിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും കെ.എസ്.ഐ.ഡി.സി. വേസ്റ്റ് റ്റു എനർജി പ്രൊജക്ട് ഡയറക്ടർ അറിയിച്ചു.

വിശദമായ ചർച്ചയ്ക്ക് ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. മൂന്നാറിലെ റിസോർട്ടുകളിലും മറ്റും ബയോ ബിൻ പോലെയുള്ള ഉറവിട മാലിന്യ സംസ്കരണ

സംവിധാനങ്ങൾ ഏർപ്പെടുത്തണം .

2. മൂന്നാറിലെ ജൈവ അജൈവ മാലിന്യ സംസ്കരണത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടെന്ന് ശുചിത്വ മിഷൻ ഉറപ്പ് നൽകേണ്ടതുണ്ട്.

3. മൂന്നാറിൽ വേസ്റ്റ് ടു എനർജി പദ്ധതി നടപ്പാക്കുന്നത് അപ്രായോഗികമാണെന്ന് ബോധ്യപ്പെട്ടതിനാൽ മൂന്നാറിലെ പ്രസ്തുത വേസ്റ്റ് റ്റു എനർജി പദ്ധതിക്കുള്ള തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

4. ഇതിൻ പ്രകാരം മൂന്നാറിലെ പ്രസ്തുത വേസ്റ്റ് റ്റു എനർജി പദ്ധതിക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ മരവിപ്പിച്ച്, പദ്ധതി റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു.

യോഗം 5.45-ന് അവസാനിച്ചു.

<u>അനുബന്ധം</u>

ശ്രീ. എച്ച്. ദിനേശൻ ഡയറക്ടർ എൽഎസ്ജിഡി (റൂറൽ)

ശ്രീ.യു.വി.ജോസ്, ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി. -

ശ്രീ. കെ.റ്റി.ബാലഭാസ്കർ, എക്സിക്യൂട്ടീവ് ഡയറക്ടർ , ശുചിത്വ മിഷൻ

ശ്രീ. ഹരികേഷ് പി.സി., പ്രൊജക്ട് ഡയറക്ടർ വേസ്റ്റ് റ്റു എനർജി, കെ.എസ്. ഐ.ഡി.സി.

ശ്രീ.ജ്യോതിഷ് ചന്ദ്രൻ ജി., ഡയറക്ടർ (എസ്.ഡബ്ല്യു.എം) ശുചിത്വ മിഷൻ.

ശ്രീ. രഞ്ചു ആർ.പിള്ള, സീനിയർ കൺസൾട്ടന്റ്, ശുചിത്വ മിഷൻ.

ശ്രീ.സഹജൻ കെ.എൻ., സെക്രട്ടറി , മൂന്നാർ ഗ്രാമപഞ്ചായത്ത്.